പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1463 — 13-06-2014 ൽ മറുപടിക്ക്

## കർഷക രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.ഡി. സതീശൻ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ.കെ. പി. മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷക രജിസ്ട്രേഷന് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത രജിസ്ട്രേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) സംസ്ഥാനത്തെ എല്ലാ കർഷകരെയും അവരുടെ കൃഷിയെയും കുറിച്ചുള്ള സമഗ്രമായ ഒരു ഡേറ്റാബേസ് ഉണ്ടാക്കുകയും അത് പൂർത്തിയാക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി ആനുകൂല്യങ്ങൾ കർഷകരുടെ അക്കൗണ്ടുകളിൽ നൽകുകയും ചെയ്യുക. |
| (സി) രജിസ്റ്റർ ചെയ്ത കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; | (സി) രജിസ്ട്രേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയാക്കി കഴിഞ്ഞാൽ, വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ പ്രാഥമികമായി കാലതാമസം കൂടാതെ തെരഞ്ഞെടുക്കുന്നതിനും കർഷകർക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് ലഭിക്കുന്നതിനും, കൃഷിയെ സംബന്ധിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, കർഷകർക്ക് കൂടുതൽ പ്രയോജനപ്രദമായ പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിനും സഹായകരമായിരിക്കും. |
| (ഡി) രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത് എവിടെയെല്ലാമാണ്; വിശദമാക്കുമോ ? | (ഡി) സംസ്ഥാനത്തെ കൃഷി ഭവനുകളിലാണ് രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. കൃഷിഭവനിൽ ലഭ്യമായ അപേക്ഷ കർഷകൻ പൂരിപ്പിച്ച് കൃഷിഭവനിൽ നൽകണം. ഇപ്രകാരം ലഭ്യമായ അപേക്ഷ അക്ഷയ കേന്ദ്രങ്ങളിൽ എത്തിച്ച് അപേക്ഷയിലെ വിവരങ്ങൾ ഓൺലൈനായി എന്റർ ചെയ്യുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ